QP CODE: 25023576

25023576

Reg No : ....................

Name : ....................

**UNDER GRADUATE (CBCS) IMPROVEMENT / REAPPEARANCE/ MERCY CHANCE EXAMINATIONS, APRIL 2025**

**Second Semester**

**Common Course II - ML2CCT02 - മലയാളം- കവിത**

(Common for Model I B.A/B.Sc Programmes)

2017 Admission Onwards

B3A35C8F

Time: 3 Hours Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും* **പത്തു** *ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും* **2** *മാർക്ക് വീതം.*

1. "ഉടനെ വലിയ കാട്ടിൽ വന്മഴക്കാ-റിടയിലിളം പിറപോലെ, ദീനനായി" - വിശദീകരിക്കുക.
2. " വർഷങ്ങൾക്കപ്പുറത്ത് നിന്ന് ഒരു ചിരി വന്ന് ഇരുവരുടെയും മുഖത്ത് പടർന്നു " - കാരണമെന്ത് ?
3. "ഒഴിഞ്ഞു കിടക്കുന്നതിന്റെ ആത്മസംഘർഷത്താൽ പിടയുകയായിരുന്നു ആ കെട്ടിടം " - വിശദീകരിക്കുക
4. "താണു നാമാദി മനുഷരോളം വീണു ഞങ്ങൾ, ഹാ വെന്നിതു നിങ്ങൾ " - വിശദമാക്കുക.
5. "എന്തിനെന്തിന്നയവിറക്കുന്നു നോവുകൂട്ടി നുണഞ്ഞസുഖങ്ങൾ" - ആരുടെ വാക്കുകൾ? വിശദീകരിക്കുക.
6. "പെറ്റുവീഴാനിടമെങ്ങു നിനക്കന്യർ വെട്ടിപ്പിടിച്ചു കഴിഞ്ഞൊരീഭൂമിയിൽ " - ആര് ആരോട് പറയുന്നു? വിശദമാക്കുക.
7. "ഇതെത്ര കാലമായ്, പഠിച്ചു ഞാൻ, പക്ഷേ, ഇടയ്ക്കെൻ തൃഷ്ണകൾ കുതറിച്ചാടുന്നു" - ആരുടെ വിചാരമാണിത്? വിശദമാക്കുക.
8. "ഇടയ്ക്കിടക്കെന്റെ വനചേതസ്സിലാ മൃഗപൗരാണികൻ കുടഞ്ഞെണീക്കുന്നു" - വിശദമാക്കുക.

9. " അഥവാ ഉലക്കമേൽ കിടക്കാനുള്ളതാണോ ഒരുമ? അതോ തലഉയർത്തി എണീറ്റു നില്ക്കാനുള്ളതോ "? - ഈ ചോദ്യങ്ങൾ ഉയരുന്ന സന്ദർഭമേതെന്ന് വിശദീകരിക്കുക.

10. "പല കാലത്തിൽ പല പ്രായത്തിൽ പല ഞാനുകൾകുട്ടമ്മാനുചുറ്റുമോടി " - വ്യാഖ്യാനിക്കുക.

11. "ഓരോ തുള്ളി ചിതയിലേക്കും ഒരായിരം സൂര്യനു കുതിച്ച ഉടന്തടികളേ " - മാവിനെ കവി ഇങ്ങനെ വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യമെന്ത്?

12. പുൽമേടാണ് ബേക്കറി കലമാനാണ് ബ്രഡ്ഡുകൾ - പുൽമേടിനെ ബേക്കറിയായും കലമാനിനെ കടുവയായും കല്പിക്കുന്നതിന്റെ സാംഗത്യമെന്ത്?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. ലീലയുടെ വിലാപഗീതം കേട്ടപ്പോൾ കാടിനുണ്ടായപ്രതികരണം എപ്രകാരമാണ്?

14. "ആകുമോ ഭവാന്മാർക്കു നികത്താൻ ലോക സാമൂഹ്യ ദുർനിയമങ്ങൾ സ്നേഹ സുന്ദരപാതയിലൂടെ " - കവിയുടെ ഈ വെല്ലുവിളി ഏതു സാഹചര്യത്തിലാണ് ഉണ്ടാവുന്നത്?

15. 'കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ വേറിട്ട ഒരു ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നു' - കുന്നിമണികൾ എന്ന പാഠഭാഗത്ത് തന്നിട്ടുള്ള കവിതകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

16. മുള്ളൻപന്നി എന്തുകൊണ്ട് അവതാരമാകാതിരുന്നു എന്നതിന് കവി ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ എന്തെല്ലാം?

17. "പാരിസ്ഥിതികവും സ്ത്രീ കേന്ദ്രീകൃതവുമായ ഒട്ടേറെ പാരായണ സാധ്യതകൾ ഉള്ള കവിതയാണ് വി.എം.ഗിരിജയുടെ കൽവീട്" - ചർച്ച ചെയ്യുക.

18. 'ഒറ്റപ്പെട്ടു പോകുന്ന ജീവിതത്തിന്റെ ആവിഷ്കാരമാണ് ഒറ്റയ്ക്കിരിക്കാൻ പഠിച്ചു കഴിഞ്ഞു ഞാൻ എന്ന കവിതയിലുള്ളത്' - പരിശോധിക്കുക.

19. കുട്ടമ്മാനെക്കുറിച്ചുള്ള കവിയുടെ ഓർമ്മകൾ എന്തെല്ലാം?

20. "പ്രകൃതിയിലേക്ക് മറ്റാരും നോക്കാത്ത നോട്ടമാണ് ആഴങ്ങൾ അടച്ചിട്ട പുഴ എന്ന കവിതയിലൂടെ എസ് ജോസഫ്" - വിശദീകരിക്കുക.

21. "മനുഷ്യനും പ്രകൃതിയുമായുള്ള പാരസ്പര്യമാണ് നല്ല കവിതയ്ക്കുണ്ടാവേണ്ടതെന്ന് 'തിരുത്ത് ' എന്ന കവിതയിലൂടെ പി.പി. രാമചന്ദ്രൻ ചൂണ്ടിക്കാണിക്കുന്നു" - പരിശോധിക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. 'പ്രണയം, വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങളെ അതിനിശിതമായി ചോദ്യം ചെയ്യുന്ന കലാപകാരികളാണ് കുമാരനാശാന്റെ നായികമാർ' - ലീല എന്ന കവിതയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

23. 'കാലഘട്ടത്തിന്റെ അനിശ്ചിതത്വത്തിലേക്ക് മക്കളെ പറഞ്ഞു വിടുന്ന അമ്മമാരുടെ പ്രലപനങ്ങൾ കോഴി എന്ന കവിതയിലുണ്ട്' - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

24. പെണ്ണിന്റെ സ്വത്വ പ്രഖ്യാപനവും ചെറുത്തു നിൽപ്പും പെണ്ണിടങ്ങളെക്കുറിച്ചുള്ള സ്വപ്നവും മലയാള കവിതയിലാണ് ഏറ്റവും ശക്തമായി കണ്ടുവരുന്നത് എന്ന അഭിപ്രായം മൃഗശിക്ഷകൻ, കൽവീട്, ഗോതമ്പുശില്പം എന്നീ കവിതകളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

25. ചൂഷിതന്റെ ഒപ്പമുള്ള പക്ഷം ചേരലാണ് കവിയുടെ പ്രാഥമികമായ കടമയെന്ന് വിശ്വസിക്കുന്ന സച്ചിദാനന്ദനെ പഴഞ്ചൊല്ലുകൾ എന്ന കവിതയിൽ കാണാം - ചർച്ച ചെയ്യുക.

(2×15=30)